## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3994

25.06.2018 ലെ മറുപടിയ്ക്ക്.

### വാത്സല്യനിധി പദ്ധതി

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പി.ടി.എ. റഹീം<br>,, എം. സ്വരാജ് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു.<br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളാ - യിരിക്കണം.<br>2. മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>3. 01.04.2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. |
| (ബി) | പദ്ധതിയിൽ അംഗമാകുന്ന പെൺകുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയുള്ള മാതാപിതാക്കളുടെ 01.04.2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ആദ്യ ഗഡു 39,000/- രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഒന്നാം ഗഡു നിക്ഷേപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000/- രൂപ 5 വയസ്സ് പൂർത്തിയായതും പ്രൈമറിസ്കൂളിൽ പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, മൂന്നാം ഗഡു 33,000/- രൂപ 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, നാലാം ഗഡു 30000/- രൂപ 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതും ആയ കുട്ടികളുടെ പേരിൽ L.I.C. യിൽ നിക്ഷേപിക്കുന്നു. ഇതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുന്നു. പെൺകുട്ടികൾക്ക് 18 വയസ്സു പൂർത്തിയാകുമ്പോൾ 3,00,000/- രൂപ നൽകുന്നു. |

സെക്ഷൻ ഓഫീസർ